**<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം :- നഗര- ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം -സാങ്കേതികവിഭാഗം -കോട്ടയം ജില്ല - തലയോലപറമ്പ് ഗ്രാമപഞ്ചായത്ത് - വടയാർ വില്ലേജ് - **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം -** ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തലയോലപറമ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29/08/2019 ലെ എ 1-4836/2019 നമ്പർ കത്ത്.
2. കോട്ടയം ടൗൺ പ്ലാനറുടെ 4/10/2019 ലെ TCPKTM/1295/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. **TCPCTP/2361/2019 -C3** തീയതി: **06/11/2019**

---

കോട്ടയം ജില്ലയിലെ തലയോലപറമ്പ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വടയാർ വില്ലേജിൽ റീ സർവ്വേ നമ്പർ 391/2-5, 391/2-7, 391/1-2-1, 391/2-9, 391/2-3-1 - ൽ ഉൾപ്പെട്ട 1045. ച.മീ സ്ഥലത്ത് സെയിൽസ് ബിൽഡിംഗ് (41 ച.മീ) കനോപ്പി (204.ച.മീ.) ഉൾപ്പെടെ ആകെ 245 ച.മീ. വിസ്തീർണ്ണത്തിൽ **പെട്രോൾ ഫില്ലിംഗ് സ്റ്റേഷൻ** നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. എമേഴ്സൺ ജേക്കബ്**, പുത്തൻ പറമ്പിൽ, വടയാർ, കോട്ടയം - ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**<u>നിബന്ധനകൾ</u>**

1. കെ.പി.ബി.ആർ. 2011 ലെ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തണം.
2. റോഡ് പുറമ്പോക്ക് ഭൂമി കയ്യേറ്റമില്ല എന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. ചട്ടം 61 (6) പ്രകാരം ഫയർഫോഴ്സ് ഡിപ്പർട്ട്മെന്റിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കേണ്ടതാണ്.
4. ചട്ടം 61 (7) പ്രകാരം അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരിക്കണം.
5. ചട്ടം 61 (8) പ്രകാരമുള്ള സാനിട്ടറി സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6. ചട്ടം 61 (16) പ്രകാരമുള്ള ദ്രവ - മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
7. ചട്ടം 61 (17) പ്രകാരം മലിനജല പുനഃ ചംക്രമണം - പുനരുപയോഗ സംവിധാനം ഏർപ്പെടുത്തണം
8. ജില്ലാ കളക്ടറുടെ എൻ.ഒ.സി-യും PWD (roads)-ൽ നിന്നുള്ള എൻ.ഒ.സി-യും ലഭ്യമാക്കേണ്ടതാണ്.
9. കെ.പി.ബി.ആർ. 2011 - നും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ **129/2019** ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

**ജയശ്രീ. പി. ആർ.**
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

**സെക്രട്ടറി,**
തലയോലപറമ്പ് ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്:-</u>

1. ശ്രീ. എമേഴ്സൺ ജേക്കബ്, പുത്തൻ പറമ്പിൽ, വടയാർ, കോട്ടയം -
2. ടൗൺ പ്ലാനർ, കോട്ടയം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം